**കേരള സർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

E-mail: ceekinfo.cee@kerala.gov.in

Telephone: 0471 – 2332120, 2338487

## വിജ്ഞാപനം

## ബി.ഫാം (ലാറ്ററൽ എൻട്രി) കോഴ്സിലേയ്ക്കുള്ള പ്രവേശനം-2025

## സ്ട്രേ വേക്കൻസി അലോട്ട്മെന്റ്

## ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കി

ബി.ഫാം(ലാറ്ററൽ എൻട്രി) 2025 കോഴ്സിലേയ്ക്കുള്ള സ്ട്രേ വേക്കൻസി അലോട്ട്മെന്റ് ചുവടെ ചേർത്തിരിക്കുന്ന സമയക്രമം അനുസരിച്ച് നടത്തുന്നതാണ്. ഈ ഘട്ടത്തിൽ, അപേക്ഷകർക്ക് പുതിയതായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റിന് ശേഷം ഒഴിവുള്ള സീറ്റുകൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. കൗൺസിലിംഗിനിടെ ഉണ്ടായേക്കാവുന്ന ഒഴിവുകൾ കൂടി ഇപ്പോൾ നൽകുന്ന ഓപ്ഷനുകളെ അടിസ്ഥാനമാക്കി നികത്തപ്പെടുന്നതിനാൽ, വിജ്ഞാപനം ചെയ്യുന്ന ഒഴിവുകളുടെ നില പരിഗണിക്കാതെ, അലോട്ട്മെന്റ് ലഭിച്ചാൽ ചേരാൻ ആഗ്രഹിക്കുന്ന എല്ലാ കോളേജുകളിലേയും വിദ്യാർത്ഥികൾ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. വിവിധ കാറ്റഗറി സീറ്റുകളിൽ ആവശ്യമായ ഓപ്ഷനുകൾ ലഭ്യമല്ലെങ്കിൽ അത്തരം സീറ്റുകളുടെ കൺവെൻഷൻ സ്ട്രേ വേക്കൻസി ഘട്ടത്തിൽ നടത്തുന്നതാണ്. ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുമ്പോൾ, ബാധകമായ കാറ്റഗറി കൺവേർഷനുകൾ കാരണം ഉണ്ടാകാൻ സാധ്യതയുള്ള ഒഴിവുകൾകൂടി കണക്കിലെടുത്ത് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാൻ ശ്രദ്ധിക്കേണ്ടതാണ്.

**സ്ട്രേ വേക്കൻസി അലോട്ട്മെന്റിന്റെ താത്ക്കാലിക ഷെഡ്യൂൾ ചുവടെ നൽകിയിരിക്കുന്നു.**

| | |
|---|---|
| 03.01.2026 | ഓൺലൈൻ ഓപ്ഷൻ സൗകര്യം ആരംഭിക്കുന്നു. |
| 05.01.2026, 3.00 PM | ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം അവസാനിക്കുന്നു. |
| 05.01.2026 | സ്ട്രേ വേക്കൻസി താത്ക്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 06.01.2026 | സ്ട്രേ വേക്കൻസി അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 07.01.2026 to 09.01.2026, 3.00 PM | അലോട്ട്മെന്റ് ലഭിക്കുന്ന എല്ലാ വിദ്യാർത്ഥികളും ആവശ്യമായ രേഖകൾ സഹിതം അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ 09.01.2026, 3.00 PM നു മുൻപ് പ്രവേശനം നേടേണ്ടതാണ്. |
| 09.01.2026, 4.00 PM | കോളേജ് അധികാരികൾ ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (OAMS) വഴി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ ലിസ്റ്റ് അംഗീകരിക്കുകയും CEE-ക്ക് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. |

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ബി.ഫാം (എൽ.ഇ) –2025 റാങ്ക് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതും പ്രോസ്പെക്ടസിൽ നൽകിയിരിക്കുന്ന യോഗ്യതാ മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ ഉദ്യോഗാർത്ഥികൾക്ക് താഴെപ്പറയുന്ന വ്യവസ്ഥകളിൽ പുതിയ ഓപ്ഷനുകൾ രജിസ്റ്റർ ചെയ്ത് ഈ അലോട്ട്മെന്റിൽ പങ്കെടുക്കാം

1. ഇതിനകം പ്രവേശനം നേടിയവർക്ക് ഈ ഘട്ടത്തിലും തുടർന്നുള്ള അലോട്ട്മെന്റുകളിലും പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കില്ല.

2. മൂന്നാം ഘട്ട അലോട്ട്മെന്റിൽ അലോട്ട്മെന്റ് ലഭിച്ചവർക്ക് ഈ ഘട്ടത്തിലും തുടർന്നുള്ള അലോട്ട്മെന്റുകളിലും പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കില്ല.

3. കാറ്റഗറി പരിവർത്തനങ്ങൾ മൂലമുണ്ടാകുന്ന സാധ്യതയുള്ള ഒഴിവുകൾ ഈ അലോട്ട്മെന്റിലെ ഓപ്ഷനുകളെ അടിസ്ഥാനമാക്കി, സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ നികത്തും എന്നതിനാൽ സാധ്യതയുള്ള ഒഴിവുകൾ കൂടി കണക്കിലെടുത്തു ഓപ്ഷനുകൾ നൽകേണ്ടതാണ്.

4.സ്ട്രേ വേക്കൻസി അലോട്ട്മെന്റിലൂടെ ലഭിക്കുന്ന സീറ്റുകൾ ഒരു കാരണവശാലും മാറ്റാൻ കഴിയില്ല.

5. സ്ട്രേ വേക്കൻസി അലോട്ട്മെന്റിൽ (പ്രവേശന നില പരിഗണിക്കാതെ) സീറ്റ് ലഭിക്കുന്ന ഉദ്യോഗാർത്ഥികൾക്ക് തുടർന്നുള്ള അലോട്ട്മെന്റുകൾക്ക് അർഹതയുണ്ടായിരിക്കില്ല.

**ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ്**

ബി.ഫാം (ലാറ്ററൽ എൻട്രി) പ്രവേശനത്തിനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ 2,000/- രൂപ ( രണ്ടായിരം രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി ഒടുക്കേണ്ടതാണ്. വിദ്യാർത്ഥികളുടെ ട്യൂഷൻ ഫീസിൽ ഈ തുക വകയിരുത്തുന്നതാണ്.
എസ്.സി/എസ്.ടി/ഒ.ഇ.സി.ക്ക് തുല്യമായ ആനുകൂല്യങ്ങൾക്ക് അർഹരായ സമുദായത്തിൽപ്പെട്ട വിദ്യാർത്ഥികൾ G.O.(Ms) No.25/2005/SCSTDD Dated 20.06.2005, G.O (Ms)No. 10/2014/BCDD Dated 23.05.2014 എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം ഫീസ് ആനുകൂല്യത്തിന് അർഹരായ വിദ്യാർത്ഥികളും ശ്രീചിത്രാഹോം, ജുവനൈൽ ഹോം, നിർഭയ ഹോം എന്നിവിടങ്ങളിലെ അപേക്ഷകരും ഓപ്ഷൻ രജിസ്ട്രേഷൻ ഫീ ആയി 500/- രൂപ ( അഞ്ഞൂറ് രൂപ മാത്രം) പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഒടുക്കേണ്ടതാണ്. ഇവർക്ക് പ്രവേശനം ലഭിക്കുന്ന കോഴ്സിന്റെ Caution Deposit-ൽ പ്രസ്തുത തുക കുറവ് ചെയ്യുന്നതാണ്. ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് ഓൺലൈനായി ഒടുക്കേണ്ടതാണ്. അലോട്ട്മെന്റ് ലഭിക്കാത്ത വിദ്യാർത്ഥികൾക്ക് ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് തിരികെ നൽകുന്നതാണ്. റീഫണ്ടിന് അർഹതയുള്ള വിദ്യാർത്ഥികൾക്ക് തുക തിരികെ നൽകുന്നതിനായി കൃത്യമായ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ വെബ്സൈറ്റ് വഴി നൽകേണ്ടതാണ്.
താഴെ പറയുന്ന വിഭാഗത്തിൽ ഉള്ളവരെ ഈ ഘട്ടത്തിൽ രജിസ്ട്രേഷൻ ഫീസ് അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട് .

1. മുൻ അലോട്ട്മെന്റ് ഘട്ടങ്ങളിൽ രജിസ്ട്രേഷൻ ഫീസ് അടച്ചെങ്കിലും മൂന്നാം ഘട്ട അലോട്ട്മെന്റ് വരെ അലോട്ട്മെന്റ് ലഭിക്കാത്തവർ
2. മൂന്നാം ഘട്ട അലോട്ട്മെന്റിൽ ഓപ്ഷൻ രജിസ്ട്രേഷൻ ഫീസ് അടച്ചെങ്കിലും അലോട്ട്മെന്റ് ലഭിക്കാത്തവർ

അലോട്ട്മെന്റ് പ്രക്രിയയുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും www.cee.kerala.gov.in എന്ന വെബ്സൈറ്റിലും ലഭ്യമാണ്. ഏറ്റവും പുതിയ അപ്ഡേറ്റുകൾക്കും അറിയിപ്പുകൾക്കും അപേക്ഷകർ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ഔദ്യോഗിക വെബ്സൈറ്റ് സന്ദർശിക്കേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471 - 2332120, 2338487**

Signed by
Arun S Nair
Date: 03-01-2026 14:35:23

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
03-01-2026